**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചവറ ടൈറ്റാനിയം-നീണ്ടകര ദേശീയ പാതയിൽ ഉണ്ടായ റോഡപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിൽ ഈ വർഷം ഉണ്ടായ റോഡപകടങ്ങളിൽ പതിമൂന്ന് പേർ മരിക്കുകയും മുപ്പതിലധികം പേർ ഗുരുതരാവസ്ഥയിൽ കഴിയുകയും ചെയ്യുന്ന എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പ്രദേശത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ? | (എ) | ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിൽ ഈ വർഷം ഉണ്ടായ റോഡപകടങ്ങളിൽ 11 പേർ മരണപ്പെടുകയും മുപ്പതോളം പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ ടൈറ്റാനിയം മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിലെ അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും, വാഹന പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ ദേശീയപാതയിൽ മതിയായ വെളിച്ച സംവിധാനമുള്ള സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും സ്കൂളുകൾക്ക് സമീപവും ട്രാഫിക് നിയന്ത്രണത്തിനായി പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയോഗിക്കുകയും, ഹൈവേയിൽ കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1

27/06/2022 ൽ മറുപടിയ്ക്ക്

**ചവറ ടൈറ്റാനിയം-നീണ്ടകര ദേശീയ പാതയിൽ ഉണ്ടായ റോഡപകടങ്ങൾ**

| ചോദ്യം<br>ഡോ. സുജിത് വിജയൻപിള്ള | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിൽ ഈ വർഷം ഉണ്ടായ റോഡപകടങ്ങളിൽ പതിമൂന്ന് പേർ മരിക്കുകയും മുപ്പതിലധികം പേർ ഗുരുതരാവസ്ഥയിൽ കഴിയുകയും ചെയ്യുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പ്രദേശത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ? | (എ) | ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിൽ ഈ വർഷം ഉണ്ടായ റോഡപകടങ്ങളിൽ 11 പേർ മരണപ്പെടുകയും മുപ്പതോളം പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ ടൈറ്റാനിയം മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിലെ അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും, വാഹന പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ ദേശീയപാതയിൽ മതിയായ വെളിച്ച സംവിധാനമുള്ള സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും സ്കൂളുകൾക്ക് സമീപവും ട്രാഫിക് നിയന്ത്രണത്തിനായി പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയോഗിക്കുകയും, ഹൈവേയിൽ കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

Sajan

സെക്ഷൻ ഓഫീസർ